ഷ്യാവകാശങ്ങളെ നഗ്നമായി ലംഘിക്കുന്നതിന്റെ പേരിൽ യു. എസ്. എ. യുടെ മുൻ പ്രസിഡണ്ട് കാർട്ടർ ആയുധവില്പനയടക്കം എല്ലാ സഹായങ്ങളും ആർജന്റീനയ്ക്കു നിഷേധിച്ചിരുന്നു. എന്നാൽ, കമ്യൂണിസത്തിനോടു കടുത്ത വിരോധമുണ്ടെന്ന കാരണത്താൽ പ്രസിഡണ്ട് റേയ്ഗൻ ആർജന്റീനയോടു സൗഹാർദം പുനഃസ്ഥാപിച്ചുവരികയായിരുന്നു. ആർജന്റീനയിൽനിന്ന് അധികമായി കയററി അയയ്ക്കുന്നത് ഗോതമ്പും മാംസവുമാണ്. സോവിയററ് റഷ്യയാണ് ഇവയിലേറെയും വാങ്ങുന്നത്. ആർജന്റീനയുടെ കച്ചവടത്തിൽ എഴുപത്തഞ്ചു ശതമാനവും സോവിയററ് റഷ്യയുമായിട്ടാണ്. ഈ യുദ്ധം തുടങ്ങിയതോടെ റഷ്യ ധാരാളം ചാര ഉപഗ്രഹങ്ങൾ ആകാശത്തേയ്ക്ക് അയച്ചു. അവയിലൂടെ ബ്രിട്ടീഷ് കപ്പൽപ്പടയുടെ നീക്കങ്ങൾ നിരീക്ഷിച്ച് ആർജന്റീനയെ അറിയിച്ചുവന്നു. കമ്യൂണിസ്റ്റ് ക്യൂബയും ആർജന്റീനയോട് അനുഭാവം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി, യുദ്ധം നീണ്ടുപോവുംതോറും മധ്യ-ദക്ഷിണ അമേരിക്കൻ രാജ്യങ്ങളിൽ കമ്യൂണിസത്തിന്റെ സ്വാധീനം വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. ആർജന്റീനയിൽ ഒരു അണുവൈദ്യുതിനിലയം പ്രവർത്തിച്ചുവരുന്നു. ആററംബോംബ് ഉണ്ടാക്കാനുള്ള എല്ലാ സാഹചര്യവും വൈദഗ്ദ്ധ്യവും ആർജന്റീനയിലുണ്ട്. തോൽവി നിശ്ചയമെന്നു വരുമ്പോൾ മനുഷ്യർ ഏതു സാഹസത്തിനാണു തയ്യാറാവാത്തത്? റഷ്യ ഏതെങ്കിലും വിധത്തിൽ ഈ യുദ്ധത്തിലിടപെടുന്നപക്ഷം, മൂന്നാം ലോകമഹായുദ്ധമായി അതു വളർന്നുകൂടായ്കയുമില്ല. ലോകരാഷ്ട്രീയരംഗം അത്രയേറെ സങ്കീർണമാണ് ഇന്ന്. കാട് ആകെ ഉണങ്ങിനിൽക്കുന്നു. ഏതു തീപ്പൊരിയാണു കാട്ടുതീയായി വളരുക? ആർക്കറിയാം?

31 മെയ്, 1982

# 8. ചക്ഷുഃ ശ്രവണഗളസ്ഥമാം ദർദ്ദുരം

അണ്വായുധങ്ങളെ 'സ്ട്രാറെറജിക്' എന്നും 'ടാക്ററിക്കൽ' എന്നും രണ്ടായി വിഭജിച്ചു പറയാറുണ്ട്. അകലെ വിക്ഷേപിക്കുന്നതും നഗരങ്ങൾ, യന്ത്രശാലകൾ, അണക്കെട്ടുകൾ മുതലായവ നശിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതുമായ ക്ലൂററൻ ബോംബുകളാണ് ആദ്യത്തെ ഇനത്തിൽപ്പെട്ടത്. സ്ട്രാറെറജിക് അണ്വായുധങ്ങളുടെ നിർമാണത്തിൽ ചില നിയന്ത്രണങ്ങൾ പരസ്പരം ചുമത്താൻവേണ്ടി അമേരിക്കയും സോവിയററ് യൂണിയനും ചേർന്ന് 'സ്ട്രാറെറജിക് ആംസ് ലിമിറേറഷൻ ട്രീററി' (സാൾട്ട്) എന്ന സന്ധിപരമ്പര ഉണ്ടാക്കാൻ ശ്രമിച്ചു. ഈ പരമ്പരയിൽ ഒന്നാമത്തേതായ 'സാൾട്ട് ഒന്നി'ന്റെ കാലാവധി 1977 ഒക്ടോബറിൽ അവസാനിച്ചു. 1979 ജൂണിൽ കാർട്ടറും ബ്രഷ്നേവും ഒപ്പുവെച്ച 'സാൾട്ട് രണ്ടി'ന് അമേരിക്കൻ പാർലമെന്റ് അംഗീകാരം നൽകിയതുമില്ല. അങ്ങനെ, ഇഷ്ടമുള്ളതരം അണ്വായുധങ്ങൾ എത്രയെങ്കിലും ഉണ്ടാക്കാൻ ഇപ്പോൾ അമേരിക്കയ്ക്കും സോവിയററ് യൂണിയനും നിയമപരമായി യാതൊരു പ്രതിബന്ധവുമില്ല.

'സാൾട്ട് ഒന്ന്' പ്രകാരം അമേരിക്കയ്ക്കും സോവിയററ് യൂണിയനും ഉണ്ടാക്കി കൈവശം വെക്കാമായിരുന്ന സ്ട്രാറെറജിക് അണ്വായുധങ്ങൾ താഴെ ചേർക്കുന്നു:

## അമേരിക്ക

| | | |
|---|---|---|
| 1. | ഭൂഖണ്ഡാന്തര റോക്കററുകളിൽ ഘടിപ്പിച്ച അണുബോംബുകൾ (ഐ. സി. ബി. എം.) | 1000 |
| 2. | മുങ്ങിക്കപ്പലിൽനിന്ന് തൊടുത്തുവിടാവുന്ന അണുബോംബുകൾ (എസ്. എൽ. ബി. എം.) | 710 |
| 3. | റോക്കററുകൾ അന്തരീക്ഷത്തിൽവെച്ചു നശിപ്പിക്കുന്ന അണ്വായുധങ്ങൾ പ്രയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ (എ. ബി. എം.) | 100 |
| 4. | അണ്വായുധം ഘടിപ്പിച്ച മുങ്ങിക്കപ്പലുകൾ | 44 |

## റഷ്യ

| | | |
|---|---|---|
| 1. | ഐ. സി. ബി. എം. | 1408 |
| 2. | എസ്. എൽ. ബി. എം. | 950 |
| 3. | എ. ബി. എം. | 100 |
| 4. | അണ്വായുധ മുങ്ങിക്കപ്പലുകൾ | 62 |

ഇവയിൽ, ഒന്നും രണ്ടും തരത്തിൽപ്പെട്ട ആയുധങ്ങൾ വളരെ എണ്ണം ഒരൊററ റോക്കററിൽ ഒരു കുലപോലെ ഘടിപ്പിച്ച ബാഹ്യാന്തരീക്ഷത്തിലേക്കു വിക്ഷേപിക്കാം. തിരികെ അവ ഭൂമിയിലേക്കു കൊണ്ടുവന്ന്, ഓരോ ആയുധവും വെവ്വേറെ തിരഞ്ഞെടുത്ത ലക്ഷ്യങ്ങളിൽ പ്രയോഗിക്കുകയും ചെയ്യാം. ഇത്തരം റോക്കററുകളെ ബഹുവ്യത്യസ്ത ലക്ഷ്യപ്രയോജ്യ പുനഃപ്രവേശവാഹനങ്ങൾ' (മിർവ്) എന്നു വിളിക്കുന്നു. 1980-ൽ അമേരിക്കയ്ക്ക് ആയിരത്തിനാല്പത്തിയാറും റഷ്യക്ക് മുന്നൂററിയമ്പത്തിമൂന്നും മിർവുകൾ ഉണ്ടായിരുന്നുവത്രേ.

അണ്വായുധങ്ങളുടെ കണിശത, വിശ്വാസ്യത മുതലായ 'ഗുണ'ങ്ങളുടെകാര്യത്തിൽ അത്ഭുതാവഹമായ പുരോഗതി അടുത്തകാലത്തുണ്ടായിട്ടുണ്ട്. ഈ പുരോഗതിയുടെ ഫലമാണ് ന്യൂട്രോൺ ബോംബ്. സ്ഫോടനശക്തി പരമാവധി കുറച്ച് അണുപ്രസരണം പരമാവധി വർദ്ധിപ്പിച്ച് ഉണ്ടാക്കിയിട്ടുള്ള ഈ ബോംബ്, കെട്ടിടങ്ങൾ, യന്ത്രങ്ങൾ മുതലായവയ്ക്കു കോട്ടം വരുത്താതെ മനുഷ്യരെ കൂട്ടത്തോടെ സംഹരിക്കാൻ കഴിവുള്ളതാണ്.

കഴിഞ്ഞ മുപ്പതു വർഷങ്ങളിൽ ആയുധഗവേഷണരംഗത്തിൽ വലിയൊരു വിപ്ലവമാണു സംഭവിച്ചിട്ടുള്ളത്. ആണ്ടിൽ മൂവായിരം കോടി ഡോളറിലേറെ ഇപ്പോൾ 'മിലിട്ടറി റിസർച്ചി'ന് ചെലവാക്കുന്നു. കൃഷി, വ്യവസായം, വൈദ്യം മുതലായ മററു രംഗങ്ങളിലെല്ലാം ചേർന്നു നടത്തുന്ന ഗവേഷണത്തിനു ചെലവാകുന്ന തുകയേക്കാൾ അധികമാണ് മിലിട്ടറി റിസർച്ചിന് ചെലവാക്കുന്ന തുക ഭൗതികശാസ്ത്രങ്ങളിലും എൻജിനീയറിങ്ങിലും ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞരിൽ പകുതിയിലധികം മിലിട്ടറി ഗവേഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിൻെറ ഒരു ഫലം, അണ്വായുധങ്ങളുടെ ശക്തി വർദ്ധിപ്പിച്ചുകൊണ്ടുതന്നെ അവയുടെ വലിപ്പം പരമാവധി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതാണ്. ഹിറോഷിമയിൽ പ്രയോഗിച്ച അണുബോംബിന് 4000 കി. ഗ്രാം തൂക്കവും പന്തീരായിരത്തഞ്ഞൂറ് ടൺ ടി. എൻ. ടി. വിസ്ഫോടന ശക്തിയുമുണ്ടായിരുന്നു. അമേരിക്ക 'മിർവിൽ' ഘടിപ്പിക്കുന്ന 'മിനുട്ട്മാൻ' എന്ന അണ്വായുധത്തിന് 100 കി.ഗ്രാം തൂക്കമേ ഉള്ളു. അതിൻെറ വിസ്ഫോടനശക്തിയാണെങ്കിൽ രണ്ടു ലക്ഷം ടണ്ണിലേറെയാണ്. ആകൃതി ചെറുതാക്കാൻ കഴിയുന്നതോടെ, പീരങ്കിയുണ്ടയായും ഗ്രനേഡായും മററും അണ്വായുധങ്ങൾ

യുദ്ധത്തിൽ സൈന്യങ്ങൾക്കെതിരെ ഉപയോഗിക്കാൻ ഇപ്പോൾ സാദ്ധ്യമാണ്. ഇങ്ങനെ പടക്കളത്തിൽ സൈന്യങ്ങൾക്കെതിരെ അധികം അകലെയല്ലാതെ ഉപയോഗിക്കുന്ന അണ്വായുധങ്ങളാണ് 'ടാക്റ്റിക്കൽ' എന്ന രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നത്. ഇത്തരം ആയുധങ്ങൾ നിർമിക്കാനുള്ള കഴിവ് അമേരിക്കയ്ക്കും റഷ്യയ്ക്കും മാത്രമല്ല, ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, ജപ്പാൻ, ഇസ്രായേൽ, ദക്ഷിണാഫ്രിക്ക മുതലായ വികസിത രാജ്യങ്ങൾക്കും ഇന്ത്യ, പാകിസ്ഥാൻ, ചൈന, ഇറാക്ക് മുതലായ അവികസിത രാജ്യങ്ങൾക്കും ഇന്നുണ്ട്. ഇവയുടെ നിർമാണത്തിൽ ആരും ഒരു നിയന്ത്രണവും ചെലുത്തുന്നുമില്ല.

പ്രയോഗിച്ചുകഴിഞ്ഞ ശേഷം ലക്ഷ്യത്തിലെത്തുംമുമ്പ്, വേണമെങ്കിൽ ഗതി തിരിച്ചുവിടാവുന്നതരം റോക്കറ്റുകളും നിലവിൽ വന്നിട്ടുണ്ട്. ഇവയെ 'മാർവ്' എന്നു വിളിക്കുന്നു. ഇവയിൽ ഘടിപ്പിക്കുന്ന അണ്വായുധങ്ങൾ എത്ര ദൂരത്തേക്കു വിക്ഷേപിച്ചാലും, അവ വീഴുന്നത് ലക്ഷ്യത്തിൽനിന്ന് എട്ടുപത്തു് മീറ്ററിലധികം അകലെ ആവുകയില്ലത്രേ. ഇത്തരം ഒരു റോക്കറ്റിൽ പത്തു് അണുബോംബുകൾവരെ ഘടിപ്പിക്കാം. പത്തു വ്യത്യസ്ത ലക്ഷ്യങ്ങൾ അതുകൊണ്ടു തകർക്കുകയും ചെയ്യാം.

ഭൂഖണ്ഡാന്തര റോക്കററ് (ഐ. സി. ബി. എം.) സ്ഥാപിക്കുന്നത് മണ്ണിനടിയിൽ കോൺക്രീററിൽ തീർത്ത അറ(സീലോ)കളിൽ ആണ്. ഈ അറകളെ ശത്രു മുൻകൂട്ടി ബോംബിട്ടു തകർത്തുകളയുമെന്നു പേടിച്ച് ഇത്തരം പല അറകൾ നിർമിക്കുകയും അവയെ തുരങ്കങ്ങൾവഴി കൂട്ടിയിണക്കുകയും ചെയ്യുന്നു. ഈ തുരങ്കങ്ങളിലൂടെ റോക്കററ് അങ്ങോട്ടുമിങ്ങോട്ടും മാററിക്കൊണ്ടിരിക്കും. അതിനാൽ റോക്കററിരിക്കുന്ന സ്ഥലം മുൻകൂട്ടി കണ്ടറിഞ്ഞ് അതു നശിപ്പിക്കുക അസാദ്ധ്യമാണ്. ഈ വ്യവസ്ഥയെ 'ബഹു-ലക്ഷ്യ ബിന്ദു്-സംവിധാനം' (മാപ്) എന്നു വിളിക്കുന്നു.

കൂടുതൽ രാജ്യങ്ങൾ ഇന്ന് അണ്വായുധങ്ങളുണ്ടാക്കുന്നില്ലെങ്കിൽ അതിന്റെ കാരണം സാങ്കേതികമായ അറിവില്ലായ്മയല്ല; ഇവ നിർമിക്കുന്നതിനുള്ള വമ്പിച്ച ചെലവാണ്. 'ട്രൈഡൻറ്' എന്നു പേരുള്ള അമേരിക്കയുടെ അണ്വായുധ മുങ്ങിക്കപ്പൽ ഒരെണ്ണം ഉണ്ടാക്കാൻ നൂററിയെഴുപതു കോടി ഡോളർ ചെലവുവരുമത്രേ. എന്നാൽ, ചെലവു വളരെ കുറച്ചും ചില അണ്വായുധങ്ങൾ ഉണ്ടാക്കാം. പൈലട്ടില്ലാത്ത ചെറിയ ഒരു ജെററ് വിമാനത്തിൽ ഘടിപ്പിച്ച അണ്വായുധമാണ് 'ക്രൂയിസ് മിസൈൽ.' ഒരു റോക്കററ് എൻജിൻ ഘടിപ്പിച്ച അണ്വായുധമത്രേ 'ബാലിസ്റ്റിക് മിസൈൽ.' സമതലത്തിൽനിന്നു സമതലത്തിലേക്കും, സമതലത്തിൽനിന്ന് ആകാശത്തിലേക്കും; മറിച്ചും, ടാങ്കുകൾ, കപ്പലുകൾ, മുങ്ങിക്കപ്പലുകൾ, വിമാനങ്ങൾ മുതലായവയിൽനിന്ന് ഈ 'മിസൈലുകൾ' പ്രയോഗിക്കാം. ഒരു 'മിസൈലി'ന് നിർമാണച്ചെലവ് ഏഴര ലക്ഷം ഡോളറോളമേ വരൂ— ഒരു ടാങ്കിന്റെ നിർമാണച്ചെലവിലും കുറച്ച് ചെലവു കുറഞ്ഞ ഇത്തരം ആയുധങ്ങളുണ്ടാക്കാൻ ദരിദ്രരാജ്യങ്ങൾക്കു പോലും കഴിയും. ബ്രിട്ടനും, ഫ്രാൻസും വലിയ തോതിൽ ഇത്തരം മിസൈലുകളുണ്ടാക്കാൻ ആലോചിക്കുന്നുവത്രെ. ചെറിയ കമ്പ്യൂട്ടറുകൾ ഘടിപ്പിച്ചിരിക്കയാൽ ഇവ നിലത്തുനിന്ന് ഏതാനും മീററർ അകലെ, മരങ്ങൾ തൊട്ടു തൊട്ടില്ല എന്ന മട്ടിൽ, പറപ്പിച്ചു കൃത്യസ്ഥലത്തു വീഴ്ത്താം. താഴ്ന്നു പറക്കുന്ന മിസൈലുകൾ സാധാരണ റഡാറിൽ കാണുകയില്ല; അതിനാൽ വഴിക്കുവെച്ച് അവയെ നശിപ്പിക്കുക സാദ്ധ്യമല്ല. റഡാറുകൾ കീഴ്പോട്ടു തിരിച്ചു പറക്കുന്ന വിമാനങ്ങൾക്കേ ഗതി കണ്ടറിഞ്ഞു് ഇവയെ നശിപ്പിക്കാൻ പററൂ. ഇത്തരം വിമാനവ്യൂഹങ്ങളെ 'അവാക്സ്' എന്നു പറയുന്നു. ഇവയ്ക്കു വളരെ പണച്ചെലവുണ്ട്. സൗദി അറേബ്യയ്ക്കു് ഇത്തരമൊരു വിമാനവ്യൂഹം അമേരിക്ക കൊടുക്കുമെന്നു കേട്ടിരുന്നു.

സോവിയററ് റഷ്യക്കുള്ളതിൽ ഇരട്ടി അണ്വായുധങ്ങൾ അമേരിക്കയുടെ കൈവശമുണ്ടത്രേ. പക്ഷേ, സ്ഫോടനശക്തി റഷ്യൻ ആയുധങ്ങൾക്കാണു കൂടുതൽ. അണുബോംബ് ലക്ഷ്യത്തിൽ കൊണ്ടുപോയി ഇടാൻ അമേരിക്ക വിമാനങ്ങളെയാണ് മുഖ്യമായും ആശ്രയിക്കുന്നത്; റഷ്യ മിസൈലുകളേയും. കരയിൽനിന്നും മുങ്ങിക്കപ്പലിൽനിന്നും പ്രയോഗിക്കുന്ന റോക്കററുകൾ റഷ്യയുടെ കൈയിലാണധികം. പല അണുബോംബുകൾ ഒരു റോക്കററിൽ ഘടിപ്പിച്ച 'മിർവ്വ'കൾ അധികമുള്ളത് അമേരിക്കയുടെ കൈയിലാണ്. കണിശവും വിശ്വാസ്യതയും കൂടുതലുള്ളത് അമേരിക്കൻ ആയുധങ്ങൾക്കാണത്രേ; കാരണം, റഷ്യയിലേക്കാൾ പുരോഗമിച്ചിട്ടുണ്ടത്രേ അമേരിക്കയിൽ മിലിട്ടറി ടെക്നോളജി.

പക്ഷേ, ഈ താരതമ്യപഠനത്തിനൊന്നും ഒരർത്ഥവുമില്ല. റഷ്യയ്ക്കും അമേരിക്കയ്ക്കുംകൂടി 1980-ൽ പതിന്നാലായിരം 'സ്ട്രാറെറജിക്' അണ്വായുധങ്ങളുണ്ടായിരുന്നു. ആയിരം കോടി ടൺ ടി.എൻ.ടി.യുടെ വിസ്ഫോടനശക്തി അകലെ വിക്ഷേപിക്കേണ്ട ഈ ആയുധങ്ങൾക്കുണ്ട്. ഇവയ്ക്കു പുറമെ അടുത്തു വിക്ഷേപിക്കേണ്ട അമ്പതിനായിരം 'ടാക്ററിക്കൽ' അണ്വായുധങ്ങളും ഈ രണ്ടു രാജ്യക്കാരുടെയും കൈകളിലുണ്ടായിരുന്നു. ഹിറോഷിമാ ബോംബിൻെറ നാലിരട്ടി സ്ഫോടനശക്തി ഈ 'ടാക്ററിക്കൽ' ആയുധങ്ങൾ ഓരോന്നിനും ഉണ്ടായിരുന്നു. അങ്ങനെ ഈ രണ്ടുതരം അണ്വായുധങ്ങളും ചേർന്ന് ആയിരത്തി ഇരുനൂററമ്പതുകോടി ടൺ വിസ്ഫോടനശക്തി അടക്കിവെച്ചിരുന്നു. പത്തുലക്ഷം ഹിറോഷിമാബോംബുകളുടെ വിസ്ഫോടനശക്തിയാണിത്. ഭൂമിയിലെ ഓരോ പുരുഷനും സ്ത്രീക്കും കുട്ടിക്കും മുമ്മൂന്നു ടൺ വീതം വിസ്ഫോടനശക്തി!

ഇനിയൊരു അണുയുദ്ധമുണ്ടായാൽ, യൂറോപ്പിലും അമേരിക്കയിലുമുള്ള നാനൂറു നഗരങ്ങളിൽ അണുബോംബ് വീഴുമെന്നാണു കണക്കുകൂട്ടുന്നത്. ഇപ്പോഴുള്ളതിൽ പകുതി അണ്വായുധങ്ങൾ ഇതിനായി ഉപയോഗിച്ചാൽ ഓരോ നഗരത്തിലും 1500 ഹിറോഷിമാ ബോംബുകൾ വീണ ഫലം, ഒന്നരക്കോടി ടൺ വിസ്ഫോടനം ഉളവാകും. രണ്ടാം മഹായുദ്ധത്തിൽ സഖ്യശക്തികൾ ആകെ പ്രയോഗിച്ച ബോംബുകളുടെ മൊത്തം വിസ്ഫോടനശക്തിയുടെ അഞ്ചിരട്ടി ഓരോ നഗരവും താങ്ങേണ്ടിവരും! ഈ പൊട്ടിത്തെറിയിൽ ഭൂമദ്ധ്യരേഖയ്ക്കു വടക്കുള്ള നഗരങ്ങളിലെ നിവാസികൾ ഏറെക്കുറെ മുഴുവനും ഉടൻ മരിച്ചുപോവും. ശേഷിച്ച നഗരവാസികളും, ഗ്രാമവാസികളും, ഭൂമദ്ധ്യരേഖയ്ക്കു തെക്കുള്ളവരും, മുഴുവനുമല്ലെങ്കിൽ ഒട്ടധികം പേരും, അണുരശ്മി പ്രസരണംകൊണ്ട് രോഗം ബാധിച്ച് അവിഷ്ടിച്ചു ക്രമേണ മരിക്കും. കാലാവസ്ഥയിലും അന്തരീക്ഷഘടനയിലും ഈ വിസ്ഫോടനങ്ങൾ മൂലം വരുന്ന മാററങ്ങളും അതിൻെറ ഫലങ്ങളും ഇപ്പോൾ പ്രവചിക്കാവുന്നവയല്ല.

ഒന്നര ലക്ഷത്തിലേറെ ജനസംഖ്യയുള്ള എല്ലാ റഷ്യൻ നഗരങ്ങളും നശിപ്പിക്കാൻ ആവശ്യമുള്ളത്ര അണ്വായുധങ്ങൾ അമേരിക്കയുടെ ഒരൊററ 'പോസിഡോൺ' എന്നു പേരുള്ള മുങ്ങിക്കപ്പലിലുണ്ട്. ഇത്തരം മുപ്പത്തൊന്നു മുങ്ങിക്കപ്പലുകൾ അമേരിക്കൻ നാവികസേനയിൽ ഇപ്പോൾത്തന്നെയുണ്ട്. ഇതിനർത്ഥം, ഇപ്പോഴുള്ള അണ്വായുധശേഖരത്തിൽ അമേരിക്കയും റഷ്യയും വൻതോതിൽ കുറവു വരുത്തിയാലും ലോകത്തിലെ അണുശക്തി സന്തുലനത്തെ അതു വളരെയൊന്നും ബാധിക്കുകയില്ലെന്നാണ്. ഒരാളെത്തന്നെ ഒരിക്കലല്ലാതെ മുപ്പത്തൊന്നുവട്ടം കൊല്ലേണ്ട കാര്യമുണ്ടോ? പക്ഷേ, ആയുധങ്ങൾ കുറയ്ക്കാനല്ല, വീണ്ടും വീണ്ടും നിർമിച്ചുകൂട്ടാനാണ് ഇപ്പോൾ വൻശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

അണ്വായുധങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലായിരുന്നു അടുത്ത കാലംവരെ റഷ്യയും അമേരിക്കയും തമ്മിൽ മത്സരം. ഇപ്പോൾ മത്സരം

അവയുടെ 'ഗുണം' (സംഹാരശക്തി) വർദ്ധിപ്പിക്കുന്നതിലായിരിക്കുന്നു. സൃഷ്ടിപരങ്ങളായ കാര്യങ്ങൾക്കുപയോഗിക്കാവുന്ന അപരിമിതമായ വിഭവശേഷിയാണ് ഈ ആയുധപ്പന്തയത്തിൽ ചെലവഴിക്കപ്പെടുന്നത്. ഇന്നു ലോകത്തിൽ ദാരിദ്ര്യമുണ്ടെങ്കിൽ, മനുഷ്യർ പട്ടിണികിടക്കുന്നുണ്ടെങ്കിൽ, ജനങ്ങൾക്കു വേണ്ടത്ര വിദ്യാഭ്യാസമോ ആരോഗ്യസേവനമോ പാർപ്പിടമോ തൊഴിലോ ലഭിക്കുന്നില്ലെങ്കിൽ, അതിന്റെ മുഖ്യകാരണം രാഷ്ട്രങ്ങൾക്കിടയിലെ ആയുധപ്പന്തയമാകുന്നു.

വാളെടുത്തവൻ വാളാൽ നശിക്കും. ആയുധം കൂട്ടിവെച്ചവർ പ്രഥമ സൗകര്യത്തിൽ അതു് ഉപയോഗിക്കാനും മടിക്കുകയില്ല. സ്വയംകൃതമായ അണ്വായുധഭീഷണി ഇന്നു് മനുഷ്യവർഗത്തെ ഒരു ശാപംപോലെ ബാധിച്ചിരിക്കുന്നു. ചക്ഷുഃശ്രവണ ഗളസ്ഥമാം ദർദ്ദുരത്തോടു് ലോകത്തെ എഴുത്തച്ഛൻ ഉപമിക്കുകയുണ്ടായി. മനുഷ്യവർഗമാകുന്ന ദർദ്ദുരത്തെ (തവളയെ) ഇന്നു് യഥാർത്ഥത്തിൽ ഒരു ചക്ഷുഃശ്രവണൻ (സർപ്പം) വിഴുങ്ങിക്കഴിഞ്ഞിരിക്കുന്നു.

അമേരിക്കയുടെയും റഷ്യയുടെയും അണ്വായുധശേഖരമത്രേ ആ ചക്ഷുഃശ്രവണൻ. അതിന്റെ തൊണ്ടയിൽനിന്നു പുറത്തുവരാൻ ഈ തവളയ്ക്കു് ഇനി യോഗമുണ്ടാകുമോ?

15 ഒക്ടോബർ, 1981

# 9. ലോകപ്രതിസന്ധി

ലോകത്തിലെ എല്ലാ രാജ്യങ്ങളും ദാരുണമായ ഒരു പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. വ്യവസായങ്ങൾ വളരുന്നില്ല. അതിനാൽ തൊഴിലില്ലായ്മ പെരുകുന്നു. യുവാക്കൾ അസ്വസ്ഥരാകുന്നു. നാണ്യപ്പെരുപ്പം കൂടിക്കൂടി വരുന്നു. അതുകൊണ്ടു് സാധനവില വർദ്ധിക്കുന്നു. നിത്യോപയോഗസാധനങ്ങൾകൂടി വാങ്ങാൻ ആളുകൾക്കു കഴിയുന്നില്ല. കൃഷി ആദായകരമല്ലാതായിരിക്കുന്നു. വേണ്ടത്ര ഭക്ഷ്യസാധനങ്ങളും വ്യാവസായിക — അസംസ്കൃതസാധനങ്ങളും ഉല്പാദിപ്പിക്കപ്പെടുന്നില്ല. ഇതു നിമിത്തം ലോകത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യക്ഷാമവും ചില ഭാഗങ്ങളിൽ പട്ടിണിമരണങ്ങളും ഉണ്ടായേക്കാമെന്നു പലരും ഭയപ്പെടുന്നു.

ഈ പ്രതിസന്ധിയുടെ ചില വശങ്ങൾ ചർച്ച ചെയ്യുന്ന ഒരു സെമിനാർ മാർച്ച് 20, 21 തീയതികളിൽ തിരുവനന്തപുരത്തു് എ. കെ. ജി. പഠനകേന്ദ്രത്തിൽ നടക്കുകയുണ്ടായി. ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാടു്, ശ്രീ രണദിവേ മുതലായ മാർക്സിസ്റ്റ് ചിന്തകന്മാരുടേയും ഡോ. കെ. എൻ. രാജ്, ഡോ. പ്രഭാത് പട്നായിക് മുതലായ സാമ്പത്തിക ശാസ്ത്രജ്ഞരുടെയും പ്രബന്ധങ്ങൾ ഈ സെമിനാറിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ലോകപ്രതിസന്ധിയെപ്പററിയുള്ള വ്യത്യസ്ത വീക്ഷണങ്ങൾ ഈ ചർച്ചകളിൽ ആവിഷ്കരിക്കപ്പെട്ടു.

മുതലാളിത്തത്തിന്റെ വളർച്ചയിൽ അനിവാര്യമെന്നു് മാർക്സിസ്റ്റുകൾ കരുതുന്ന 'പൊതുക്കുഴപ്പം' (ജനറൽ ക്രൈസിസ്) ആണു് ഇന്നു് അനുഭവപ്പെടുന്നതെന്നു് ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാടു് തന്റെ പ്രബന്ധത്തിൽ പ്രസ്താവിച്ചു. ഈ കുഴപ്പം സാമ്പത്തികരംഗത്തുനിന്നു് രാഷ്ട്രീയരംഗത്തിലേക്കും, ആശയസംഹിതകളുടെ രംഗത്തിലേക്കും സാമൂഹ്യജീവിതത്തിന്റെ എല്ലാ രംഗങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. ഒന്നാം മഹായുദ്ധകാലത്തുതന്നെ ആരംഭിച്ച ഈ പ്രതിസന്ധി കുറിക്കുന്നതു് മുതലാളിത്ത വ്യവ